(ബി) നേഴ്സുമാരുടെ പ്രൊമോഷന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു ; ഏതെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിലൂടെ സർക്കാർ ഇത് അംഗീകരിച്ചിട്ടുണ്ടോ ;

(സി) നിലവിൽ എത്ര വർഷത്തെ സീനിയോറിട്ടിയുള്ളവരെയാണ് പ്രൊമോഷന് പരിഗണിക്കുന്നത് ; വിശദമാക്കുമോ ; ഇതുവഴി സർക്കാരിന് എന്ത് അധിക ബാധ്യതയാണ് ഉണ്ടാകുന്നത് ; എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രൂഫനീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ഉദ്യോഗസ്ഥർക്ക് ബാധകമായ സർവ്വീസ് റൂൾസ്, നഴ്സിംഗ് മേഖലയിലെ വിവിധ തസ്തികകളുടെ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് എന്നിവയെ അടിസ്ഥാനമാക്കി, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകിവരുന്നത്. ശമ്പള പരിഷ്കരണ ഉത്തരവിലൂടെയാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കാൻ ഉത്തരവായത്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് - I & II (1:1)

സ്റ്റാഫ് നഴ്സ് ഗ്രേഡ്-I/ഹെഡ് നഴ്സ് - (2:1)

(സി) നിലവിലുള്ള തസ്തികകളിൽ അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവു വരുന്ന മുറയ്ക്കാണ് പ്രൊമോഷൻ നൽകാറുള്ളത്. ക്ലിപ്തമായ സർവ്വീസ് കാലം പ്രൊമോഷന് നിർബന്ധമില്ല. ഉയർന്ന തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്കാണ് പ്രൊമോഷൻ നടത്തുന്നതെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല. ഉയർന്ന തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ ഉദ്യോഗത്തിലിരുന്നതിനാലും ടി തസ്തികയ്ക്ക് വേണ്ട സാമ്പത്തിക ചെലവുകൾ ഇതിനോടകം വകയിരുത്തിയിട്ടുള്ളതിനാലും സർക്കാരിന് അധികമായ സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല. എന്നാൽ ഉയർന്ന തസ്തിക പുതുതായി സൃഷ്ടിച്ചാണ് പ്രൊമോഷൻ നടത്തുന്നതെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ

3 (710) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ച നിലവിലെ മാനദണ്ഡം നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ആശുപത്രി ജീവനക്കാരുടെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന തസ്തികകളിലെ യോഗ്യതകൾ സംബന്ധിച്ച മാനദണ്ഡം നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഓർഡർ പ്രകാരമാണ്. ആരോഗ്യ വകുപ്പിൽ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ്, ലിഫ്റ്റ് ഓപ്പറേറ്റർ & ടെലിഫോൺ അറ്റൻഡന്റ്, സർജന്റ് എന്നീ തസ്തികകളിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടെങ്കിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റു പല തസ്തികകൾക്കും സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭരണപരമായ പല ബുദ്ധിമുട്ടുകളും നേരിടുന്നു. ആയതിനാൽ സർക്കാർ 20-1-2014-ലെ 25466/എച്ച്2/11/ആകവ നമ്പർ കത്ത് പ്രകാരം സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത 12 തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ജീവനക്കാരുടെ അംഗീകൃത സർവ്വീസ് സംഘടന കളുമായി ആരോഗ്യ വകുപ്പ് ഡയറക്ടർ 24-11-2014-ന് ചർച്ച നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. മറ്റ് തസ്തികകളുടെ സ്പെഷ്യൽ റൂൾസിന്റെ കരട് ആരോഗ്യ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ യോഗ്യതകൾ നിർണ്ണയിച്ച് കാലോചിതമായി പരിഷ്കരിച്ച് എത്രയും വേഗം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മാവേലിക്കര ജില്ലാ ആശുപത്രി

4 (711) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്ററിനുള്ള ഭൗതിക സാഹചര്യമൊരുക്കിയാൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly